DESPATCHED
14/2/22.

30/12/2021


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


**ഹർജി നമ്പർ AP.No.2032(5)/20/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 9158/SIC-G7/2020**

ഉത്തരവ് തീയതി : 30.12.2021

സന്നിഹിത

ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഏല്യാസ് പി.ഒ,
പുളിയൻ വീട്, കരയാംപറമ്പ്,
കറുകുറ്റി പി.ഒ, എറണാകുളം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കറുകുറ്റി ഗ്രാമപഞ്ചായത്ത് കാര്യാലയം,
കറുകുറ്റി പി.ഒ, എറണാകുളം – 683 576.

2. അപ്പീൽഅധികാരി,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 14.11.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെമറുപടി | 25.11.2019 |
| ഒന്നാംഅപ്പീൽ | 22.06.2020 |
| അപ്പീൽ അധികാരിയുടെതീരുമാനം | 13.07.2020 |
| രണ്ടാംഅപ്പീൽസമർപ്പിച്ച തീയതി | 10.09.2020 |
| ഹിയറിംഗ്തീയതി, സ്ഥലം | 05.11.2021സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഓഡിയോ കോൺഫെറൻസ് മുഖാന്തിരം കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയും, വിശദീകരണവും വിശദമായി പരിശോധിച്ച് താഴെ പറയും ഉത്തരവാകുന്നു.

2. അപ്പീൽ ഹർജിക്കാരൻ എസ്.പി.ഐ.ഒ.യോട് ആവശ്യപ്പെട്ടത് കറുകുറ്റി പഞ്ചായത്തിലെ 16-ാം വാർഡിൽ ശ്രീ.ജോസ് ഔസേപ്പ് എന്നയാളുടെ പ്രോപ്പർട്ടി റീസർവ്വെ നമ്പർ 226/12-1 ബ്ലോക്ക് 3 എന്ന സ്ഥലത്ത് ഇളവൂർ കവലയിൽ പാലയിൽ ആയുർവ്വേദ ഡിസ്പെൻസറിയോട് ചേർന്ന് ഒരു സെന്റിൽ താഴെ സ്ഥലത്ത് പുതുതായി പണിതിരിക്കുന്ന കെട്ടിടത്തിന് നമ്പർ കൊടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ occupation നമ്പരിന്റെ പകർപ്പ് ലഭ്യമാക്കുക, നമ്പർ കൊടുത്ത തീയതി ലഭ്യമാക്കുക തുടങ്ങിയ വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടും മൊഴിയും വിശദമായി പരിശോധിക്കുകയുണ്ടായി, ശ്രീ.ജോസഫ് എന്നയാളുടെ പേരിലുള്ള കെട്ടിടം നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ടി കെട്ടിടത്തിന്റെ മുന്നിലെ കുറച്ച് ഭാഗം അക്വിയർ ചെയ്തിരുന്നുവെന്നും കെട്ടിടത്തിന്റെ പകുതി ഭാഗം നിലനിൽക്കെ കെട്ടിട നമ്പർ പഞ്ചായത്ത് രേഖകളിൽ നിന്നും നീക്കം ചെയ്തിരുന്നുവെന്നും പൊളിച്ചു മാറ്റിയ ശേഷമുള്ള കെട്ടിടമുറി അതിന്റെ ഉടമസ്ഥൻ ശ്രീ.ജോസഫ് ആലുക്ക ഉപജീവനാർത്ഥം വാടകയ്ക്ക് നൽകിയിരിക്കുക ആയിരുന്നുവെന്നും ഈ സമയത്ത് കെട്ടിടത്തിന്റെ മുകളിലെ അനധികൃത നിർമ്മാണം പൊളിച്ച് മാറ്റിക്കുകയും ഒപ്പം തന്നെ താഴെ മുറിയുടെ നമ്പർ നീക്കാം ചെയ്തിരുന്നുവെന്നും തുടർന്ന് ടിയാൻ പുതിയ നമ്പർ പുന:സ്ഥാപിച്ചു നൽകുവാൻ അപേക്ഷ നൽകിയിരുന്നുവെന്നും ശേഷിക്കുന്ന ടി സ്ഥലത്ത് കെട്ടിട നിർമ്മാണം സാധ്യമല്ലാതിരുന്നതിനാൽ ടിയാന് നമ്പർ പുന:സ്ഥാപിച്ചു നൽകുവാൻ തീരുമാനിച്ചിരുന്നുവെന്നും ടി സമയത്ത് സഞ്ചയ സോഫ്റ്റ്വെയറിൽ പ്യൂരിഫിക്കേഷൻ ഓപ്പൺ അല്ലാതിരുന്നതിനാൽ പുതിയതായി 16/308എ എന്ന നമ്പർ ടിയാന് നൽകുകയും കെട്ടിടം പുതിയത് അല്ലാത്തതിനാലും ടി നമ്പർ പുതിയ ഗണത്തിൽ വരുന്നതിനാലും കെട്ടിടത്തിന് മുൻകാല പ്രാബല്യം ലഭിക്കില്ലായെന്നതിനാൽ പ്യൂരിഫിക്കേഷൻ നടപടിയിലൂടെ ടി നമ്പർ റദ്ദാക്കി

നിലവിലുണ്ടായിരുന്ന 16/308 എന്ന നമ്പർ നൽകാനും തീരുമാനിച്ചുവെന്നും അറിയിക്കുകയുണ്ടായി. കൂടാതെ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലെന്ന് മറുപടി നൽകിയത് പുതിയ നമ്പർ അനുവദിച്ചിട്ടില്ലായെന്ന അർത്ഥത്തിലാണെന്നും നിലവിലുള്ള കെട്ടിടത്തിന് നിയമപരമായ നടപടിക്രമം പാലിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും അന്യായ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും അറിയിക്കുന്നുണ്ട്.

4. അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിന് തെറ്റായ മറുപടി നൽകിയ പഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്നും അപേക്ഷ സമർപ്പിച്ച സമയം കെട്ടിടത്തിന് 16/308 എ എന്ന നമ്പർ അനുവദിച്ചിട്ടും ഇല്ലായെന്ന സത്യവിരുദ്ധ മറുപടിയാണ് നൽകിയിട്ടുള്ളതെന്നും രണ്ടാമത്തെ ചോദ്യത്തിനും തെറ്റായ മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളതെന്നും കെട്ടിടത്തിന്റെ തുടക്കം, നഷ്ടപരിഹാര തുക കൈപ്പറ്റിയ വസ്തുവിലെ അനധികൃത നിർമ്മാണങ്ങൾക്ക് ചട്ടം ലംഘിച്ച് സാധൂകരണം നൽകുകയും പുതിയ നമ്പർ അനുവദിക്കുമ്പോൾ ഹർജിക്കാരന് ഹാജരാക്കേണ്ടതായ ആധാരമോ കരം തീർത്ത രസീതോ പ്ലാനോ ഒന്നുംതന്നെ ഇല്ലാതെ കേവലം അപേക്ഷകന്റെ ഒരു കുറിപ്പടി അടിസ്ഥാനമാക്കി 16/308എ നമ്പർ അനുവദിച്ചുവെന്നും പിന്നീട് അത് റദ്ദ് ചെയ്ത് 16/308 എന്ന നമ്പർ അനുവദിച്ചുവെന്നും സെക്രട്ടറി നൽകിയിരിക്കുന്ന മറുപടിയും അതിന്മേൽ അപ്പീൽ അധികാരി സ്വീകരിച്ച മറുപടിയും തൃപ്തികരമല്ലെന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷനെ അറിയിക്കുകയുണ്ടായി.

5. എസ്.പി.ഐ.ഒ യുടെ റിപ്പോർട്ടും മൊഴിയും അപ്പീൽ ഹർജിക്കാരന്റെ മൊഴിയും പരിശോധിക്കുമ്പോൾ ചില അപാകതകൾ ഉണ്ടെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വിവരം നൽകുന്നതുമായി ബന്ധപ്പെട്ട് അവ്യക്തത നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട കെട്ടിടത്തിന്റെ സർവ്വെ നമ്പരും പ്രസ്തുത സ്ഥലവും പരിശോധിച്ച് വ്യക്തമായ വിവരം സൗജന്യമായി നൽകുവാൻ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി

രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30–ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻസെക്രട്ടറി
Jn